പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1637      11.02.2013 -ലെ മറുപടിക്ക്

ഫ്ളാറ്റുകളിലെ ഫയർ സേഫ്റ്റി സംവിധാനം

ചോദ്യം      ഉത്തരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. പി.സി.വിഷ്ണുനാഥ്

ശ്രീ. മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) നഗരങ്ങളിലുള്ള ഫ്ളാറ്റുകളിലെ ഫയർസേഫ്റ്റി സംവിധാനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ; | (എ) മൂന്ന് നിലയ്ക്ക് മുകളിലുള്ള ഫ്ളാറ്റുകളുടെ കാര്യത്തിൽ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിൽ നിന്നുമുള്ള നിരാക്ഷേപപത്രം ലഭിച്ചതിനു ശേഷമാണ് കെട്ടിട നിർമ്മാണാനുമതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്നത്. കൂടാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനു മുൻപായി പ്രസ്തുത ഡിപ്പാർട്ടുമെന്റിൽ നിന്നും ഫൈനൽ എൻ.ഒ.സി നിഷ്കർഷിക്കുന്നുണ്ട്. |
| (ബി) ഇതിനായി വിജിലൻസ് ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം;<br><br>(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി)&(സി) അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി കർശന നടപടി സ്വീകരിക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സീനിയർ ടൗൺ പ്ളാനർ (വിജിലൻസ്)-ന്റെ നേതൃത്വത്തിൽ ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരിശോധന നടത്തി കണ്ടെത്തിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ